**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3622** **12-03-2025 - ൽ മറുപടിയ്ക്ക്**

**പി.ജി. മെഡിക്കൽ പ്രവേശനത്തിന് സംസ്ഥാന ക്വാട്ട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പി.ജി. മെഡിക്കൽ പ്രവേശനത്തിന് നിലവിൽ ഉണ്ടായിരുന്ന 50% സംസ്ഥാന ക്വാട്ട സുപ്രീം കോടതി റദ്ദാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | യൂണിയൻ ടെറിട്ടറി ഓഫ് ചണ്ഡീഗഢിലെ മെഡിക്കൽ പിജി പ്രവേശനത്തിനുള്ള സംസ്ഥാന ക്വാട്ടയിലുള്ള, വാസസ്ഥലം (Residence/Domicile) അടിസ്ഥാനമാക്കിയുള്ള സംവരണം ഭരണഘടനാ വിരുദ്ധമാണെന്ന് Civil Appeal No.9289/2019 & Conn. Cases-ൽ ബഹു. സുപ്രീം കോടതി 29.01.2025 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിധി ന്യായത്തിന്മേൽ പിജി മെഡിക്കൽ പ്രവേശന മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള മാർഗനിർദ്ദേശങ്ങൾ ദേശീയ മെഡിക്കൽ കമ്മീഷനോ (NMC) മെഡിക്കൽ കൗൺസിലിംഗ് കമ്മിറ്റിയോ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | സ്വകാര്യ സർവകലാശാലകളിലെ പി.ജി. മെഡിക്കൽ കോഴ്സുകളിൽ 40% സീറ്റുകൾ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി നീക്കി വയ്ക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; മേൽപ്പറഞ്ഞ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇത് പ്രായോഗികമാണോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണം നടന്നു വരികയാണ്. ആയത് പൂർത്തിയായിട്ടില്ല. |
| (സി) | മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | മറുപടി (ബി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ